## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *306 — 13/10/2011 ൽ മറുപടിക്ക്

### പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, എം. എ. ബേബി<br>,, എളമരം കരീം<br>ഡോ. കെ. ടി. ജലീൽ | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രമക്കേടുകൾ വ്യാപിക്കുകയും വർദ്ധിക്കുകയും ചെയ്തുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സർക്കാർ സബ്സിഡി നൽകുന്ന ഗാർഹിക പാചകവാതകം പണവും സ്വാധീനവുമുപയോഗിച്ച് വാണിജ്യാവശ്യ-ങ്ങൾക്ക് ഉപയോഗിക്കുന്നതാണ് പാചക വാതകവിതരണത്തിൽ ക്രമക്കേടുകൾ വർദ്ധിക്കുവാൻ കാരണം |
| (ബി) പാചകവാതക ഏജൻസികളെ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ; വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനുതകുന്ന എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(സി) ഇതിനായി മുൻ സർക്കാർ ഏർപ്പെടുത്തിയ മോണിറ്ററിംഗ് കമ്മിറ്റികൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോ ? | (ബിയും) (സിയും) പാചകവാതക വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഓരോ മാസവും ഓപ്പൺഫോറങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഗ്യാസ് ഏജൻസികളിൽ നിരന്തരമായ പരിശോധനകൾ നടത്തുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്യാസ് ഏജൻസിതലത്തിൽ സോഷ്യൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.